**പതിമൂന്നാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിട്ട**
**ചോദ്യം നമ്പർ. 298** — **12.10.2011-ൽ മറുപടിയ്ക്ക്**

# ഗ്രാമീണ റോഡ് വികസന നടപടി

| **ചോദ്യം** | **ഉത്തരം** |
|---|---|
| ശ്രീ. ബെന്നി ബെഹനാൻ<br>,, കെ. അച്ചുതൻ<br>,, അൻവർ സാദത്ത്<br>,, വി. പി. സജീന്ദ്രൻ | ശ്രീ.കെ.സി. ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും<br>സാംസ്കാരിക കാര്യവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| എ. | ഗ്രാമീണ റോഡ് വികസന കാര്യത്തിൽ കേരളത്തെ മുഖ്യധാരയിലേക്ക് കൊണ്ടു വരുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത് ; | എ. | ഗ്രാമീണ റോഡ് വികസന കാര്യത്തിൽ സംസ്ഥാനത്തെ മുഖ്യധാരയിൽ കൊണ്ടുവരുന്നതിന് താഴെപറയുന്ന നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.<br><br>1. 1-1-2011 മുതൽ 6 മുതൽ 7.5 മീറ്റർ വരെ വീതിയുള്ള റോഡുകളും നടപ്പിലാക്കുവാൻ അനുവാദം ലഭിച്ചിട്ടുണ്ട്.<br>2. കേരളത്തിന്റെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് ആവാസ കേന്ദ്രങ്ങളുടെ നിർവ്വചനത്തിൽ ' കര' എന്ന് മാറ്റം വരുത്തുവാൻ സമ്മതിച്ചിട്ടുണ്ട്.<br>3. റോഡിന്റെ ഗ്രേഡിയന്റിന് ഇളവ് അനുവദിക്കണമെന്നും പൈപ്പ്ലൈൻ, ഇലക്ട്രിക് പോസ്റ്റ് തുടങ്ങിയവ മാറ്റി സ്ഥാപിക്കുന്നതിനുള്ള ചെലവും ടെണ്ടർ പ്രീമിയവും കേന്ദ്രസർക്കാർ വഹിക്കണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്.<br>4. മാനദണ്ഡങ്ങളിൽ ഇളവ് വരുത്തി സംസ്ഥാനത്തിന് പുതിയ പദ്ധതികൾ സമർപ്പിക്കുന്നതിനുള്ള അനുവാദം നൽകണമെന്ന് കേന്ദ്രഗ്രാമവികസന മന്ത്രിയോട് ആവശ്യപ്പെട്ടിട്ടുണ്ട്. |
| ബി. | ഗ്രാമീണ റോഡ് വികസനത്തിൽ കേന്ദ്ര ഗവൺമെന്റിന്റെ നിബന്ധനകൾക്ക് ഇളവു നൽകിയിട്ടുണ്ടോ ; വിശദാംശങ്ങൾ എന്തെല്ലാം ; | ബി. | ഉണ്ട്. കേന്ദ്രസർക്കാർ നിയോഗിച്ച വിദഗ്ധ സമിതിയുടെ ശുപാർശ പ്രകാരം 6 മീറ്റർ മുതൽ 7.5 മീറ്റർ വീതിയിൽ റോഡ് നിർമ്മിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ആവാസ കേന്ദ്രങ്ങളുടെ നിർവ്വചനത്തിൽ ' കര ' യും ഉൾപ്പെടുത്തവാൻ കേന്ദ്രഗ്രാമവികസന മന്ത്രി സമ്മതിച്ചിട്ടുണ്ട്. |
| സി. | എത്ര കോടി രൂപ ഇതിനായി കേന്ദ്രം അനുവദിക്കുകയുണ്ടായി ; വിശദാംശങ്ങൾ എന്തെല്ലാം ? | സി. | വിശദാംശം അനുബന്ധമായി ചേർത്തിട്ടുണ്ട്. |

Leant

**സെക്ഷൻ ഓഫീസർ**

# അനുബന്ധം

| അനുവദിച്ച തുക | ഘട്ടം | | | | | | | Rs. In Lakhs |
|---|---|---|---|---|---|---|---|---|
| | 1-ാം ഘട്ടം (2000-01) | 2-ാം ഘട്ടം (2001-02) | 3-ാം ഘട്ടം (2003-04) | 4-ാം ഘട്ടം (2004-05) | 5-ാം ഘട്ടം (2005-06) | 6-ാം ഘട്ടം (2006-07) | 7-ാം ഘട്ടം 2008-09 | ആകെ |
| പദ്ധതി തുക | 1990.00 | 5630.00 | 2077.00 | 5276.00 | 4655.69 | 29201.31 | 0.00 | 48830 |
| പലിശയിനത്തിൽ അനുവദിച്ച തുക | | 91.56 | 0.00 | 0.00 | 0.00 | 0.00 | 0.00 | 91.56 |
| ആകെ തുക | 1990.00 | 5721.56 | 2077.00 | 5276.00 | 4655.69 | 29201.31 | 0.00 | 48921.56 |

സെക്ഷൻ ഓഫീസർ